**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃക്കാക്കര മഹാക്ഷേത്രത്തിലെ 2019 ലെ ഓണാഘോഷ പരിപാടികൾക്ക് കളമശ്ശേരി നഗരസഭയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ)** നം.1927/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം,
തീയതി: **05/09/2019**

---

പരാമർശം:- കളമശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 02.08.2019 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

ഓണാഘോഷ പരിപാടിക്ക് വേണ്ടി കളമശ്ശേരി നഗരസഭയുടെ വാർഷിക ബജറ്റിൽ അനുവദിച്ച 10 ലക്ഷം രൂപ, തൃക്കാക്കര മഹാക്ഷേത്രത്തിലെ ഓണാഘോഷപരിപാടികൾക്കായി സാമ്പത്തിക സഹായം ചെയ്യുന്നതിന് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശ കത്ത് പ്രകാരം കളമശ്ശേരി നഗരസഭാ ചെയർപേഴ്സൺ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓണാഘോഷ പരിപാടിക്ക് വേണ്ടി കളമശ്ശേരി നഗരസഭയുടെ വാർഷിക ബജറ്റിൽ അനുവദിച്ച 10 ലക്ഷം രൂപ(പത്ത് ലക്ഷം രൂപ) തൃക്കാക്കര മഹാക്ഷേത്രത്തിലെ ഓണാഘോഷപരിപാടികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനായി, കമ്മറ്റി തീരുമാനത്തിന് വിധേയമായി, കളമശ്ശേരി നഗരസഭയുടെ തനത് ഫണ്ടിൽനിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഇതുമായി ബന്ധപ്പെട്ട കണക്കുകൾ സ്റ്റേറ്റ് ആഡിറ്റ് വകുപ്പിന്റെ പ്രത്യേക ആഡിറ്റിന് വിധേയമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചെയർപേഴ്സൺ / സെക്രട്ടറി , കളമശ്ശേരി മുനിസിപ്പാലിറ്റി

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remesh

സെക്ഷൻ ഓഫീസർ.